**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1333** **08-12-2022 - ൽ മറുപടിയ്ക്ക്**

**മുട്ടുങ്കൽ പക്രന്തലം റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വടകര മണ്ഡലത്തിലൂടെ കടന്നുപോകുന്ന മുട്ടുങ്കൽ പക്രന്തലം റോഡിന്റെ പ്രവൃത്തി ആരംഭിച്ചത് എന്നാണെന്നും ഉദ്ഘാടനം നിർവ്വഹിച്ചത് എന്നായിരുന്നുവെന്നും അറിയിക്കുമോ; | (എ) | മുട്ടുങ്കൽ പക്രന്തലം റോഡ് പ്രവൃത്തി 22.02.2018-ലാണ് ആരംഭിച്ചത്. പ്രവൃത്തിയുടെ ഉദ്ഘാടനം 19.02.2021-ൽ ആയിരുന്നു. |
| (ബി) | പ്രസ്തുത റോഡ് നിർമ്മാണ പദ്ധതിയുടെ പ്രഥമ എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി നൽകിയപ്പോൾ എന്തൊക്കെ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിരുന്നതെന്ന് വിശദമാക്കുമോ; | (ബി) | റോഡിന്റെ രൂപീകരണം, കലുങ്കുകളുടെയും പാർശ്വ സംരക്ഷണ ഭിത്തിയുടെയും നിർമ്മാണം, ഓടയുടെ നിർമ്മാണം, റോഡ് സുരക്ഷ പ്രവൃത്തികൾ, ഫ്രീ സറണ്ടർ മുഖേന ലഭ്യമായ ഭൂമിയിൽ ചുറ്റമതിൽ നിർമ്മാണം എന്നീ ഘടകങ്ങളാണ് സാങ്കേതിക അനുമതി നൽകിയ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നത്. |
| (സി) | റോഡ് കടന്നുപോകുന്ന പ്രധാന കവലകളിൽ ഹാൻഡ് റെയിൽ സ്ഥാപിക്കുന്ന പ്രവൃത്തിയും ഫുട്പാത്തിൽ ഇന്റർലോക്ക് നിരത്തുന്ന പ്രവൃത്തിയും പ്രഥമ എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിട്ടുണ്ടായിരുന്നോ; ഇല്ലെങ്കിൽ ഏത് ഘട്ടത്തിലാണ് പ്രസ്തുത പ്രവൃത്തികൾ പദ്ധതിയുടെ ഭാഗമാക്കാൻ തീരുമാനിച്ചത്; വ്യക്തമാക്കുമോ; | (സി) | ഹാൻഡ് റെയിൽ സ്ഥാപിക്കുന്ന പ്രവൃത്തി റോഡ് സുരക്ഷ പ്രവൃത്തികൾ എന്ന അപ്പൻഡിക്സിൽ പ്രഥമ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നു. സാങ്കേതിക അനുമതി നൽകിയ എസ്റ്റിമേറ്റിൽ ശരാശരി 9.0 മീറ്ററായിരുന്നു RoW. എന്നാൽ ഫ്രീ സറണ്ടർ മുഖേന ഭൂമി ലഭ്യമായതിനാൽ RoW 12 മീറ്ററായി പരിഷ്കരിച്ചു. വരാനിരിക്കുന്ന വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ പ്രവൃത്തി കൂടെ കണക്കിലെടുത്ത് ഷോൾഡർ ഇന്റർലോക്ക് ഉപയോഗിച്ച് നിർമിക്കുവാൻ എം.എൽ.എ, ജനപ്രതിനിധികൾ, പി.ഡബ്ല്യൂ.ഡി ഉദ്യോഗസ്ഥർ, കിഫ്ബി ഉദ്യോഗസ്ഥർ എന്നിവരുമായി നടത്തിയ ചർച്ചയിൽ തീരുമാനിക്കുകയുണ്ടായി. 23.03.2019-ൽ കിഫ്ബിയിൽ നിന്നും ആയതു നിർദ്ദേശിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ എസ്റ്റിമേറ്റിൽ അധിക ഇനം ആയി ഇന്റർലോക്കിങ് പ്രവൃത്തി കൂടി ഉൾപ്പെടുത്തുകയായിരുന്നു. |
| (ഡി) | പുതുതായി പ്രസ്തുത പ്രവൃത്തികൾ കൂടി | (ഡി) | പൊതുമരാമത്ത് റോഡ്സ്, കോഴിക്കോട് |

| | | | |
|---|---|---|---|
| | ഉൾപ്പെടുത്തികൊണ്ടുള്ള പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയത് ഏത് ഏജൻസിയാണെന്നും എസ്റ്റിമേറ്റ് അംഗീകാരത്തിനായി സമർപ്പിച്ച തീയതിയും അംഗീകാരം ലഭിച്ച തീയതിയും അറിയിക്കുമോ; | | വിഭാഗമാണ് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയത്. സൂപ്രണ്ടിങ് എഞ്ചിനീയർ, റോഡ്സ് നോർത്ത് സർക്കിൾ, കോഴിക്കോട് സമർപ്പിച്ച പുതുക്കിയ എസ്റ്റിമേറ്റ് 25.09.2021 നാണ് പ്രൊജക്റ്റ് ഡയറക്ടർ, പ്രൊജകറ്റ് മാനേജ്മെന്റ് യൂണിറ്റ് കേരള റോഡ് ഫണ്ട് ബോർഡിന് ലഭിച്ചത്. ടി എസ്റ്റിമേറ്റിൽ ഹാൻഡ് റെയിൽ സ്ഥാപിക്കുന്ന പ്രവൃത്തിയും ഇന്റർലോക്ക് നിരത്തുന്ന പ്രവൃത്തിയും ഉൾപ്പെട്ടിരുന്നു. 03.12.2021-ൽ നടന്ന 92-ാം ടെക്നിക്കൽ കമ്മിറ്റി, 11.02.2022-ലെ 96-ാം ടെക്നിക്കൽ കമ്മിറ്റി എന്നിവയുടെ നിർദ്ദേശങ്ങൾ അനുസരിച്ച് ഫീൽഡ് ഉദ്യോഗസ്ഥർ നൽകിയ റിപ്പോർട്ട് പ്രകാരം 04.04.2022-ലെ 99-ാം ടെക്നിക്കൽ കമ്മിറ്റിയിൽ എസ്റ്റിമേറ്റ് വെക്കുകയും കരാർ തുകയേക്കാൾ 4.23% കൂടുതൽ തുകയുള്ള പുതുക്കിയ എസ്റ്റിമേറ്റ് കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിക്കുകയുമുണ്ടായി. 16.06.2022-ൽ കിഫ്ബി എസ്റ്റിമേറ്റിന് തത്വത്തിൽ അംഗീകാരം നൽകുകയും ചെയ്തു. പുതുക്കിയ എസ്റ്റിമേറ്റിന് കരാർ ഉറപ്പിക്കുന്ന വേളയിൽ കരാറുകാരൻ 03.08.2022-ലെ കത്ത് പ്രകാരം നിലവിലെ മാർക്കറ്റ് നിരക്ക് കണക്കിലെടുക്കുമ്പോൾ ഇന്റർലോക്ക് ടൈലുകളുടെ അധിക ഇനം വലിയ നഷ്ടമുണ്ടാക്കുന്നുവെന്നും പുതുക്കിയ എസ്റ്റിമേറ്റിൽ നിന്ന് പ്രസ്തുത ഇനം ഒഴിവാക്കുന്നതിനും അഭ്യർത്ഥിച്ചു. തുടർന്ന് 22.10.2022-ൽ നടന്ന 114-ാമത് ടെക്നിക്കൽ കമ്മിറ്റി കരാറുകാരന്റെ അഭ്യർത്ഥന മാനിച്ചും ഇന്റർലോക്ക് ടൈൽ വർക്ക് യഥാർത്ഥ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താതിരുന്നതിനാലും 2016-ലെ DSoR പ്രകാരം കരാറിൽ ഏർപ്പെട്ടിരുന്നതിനാലും DSoR 2018 നിരക്കുകൾ പരിഗണിക്കാൻ ആവില്ല എന്നത് കൊണ്ടും ഇന്റർലോക്ക് ടൈൽ ഇനം ഒഴിവാക്കിയതിന് ശേഷം പുതുക്കിയ എസ്റ്റിമേറ്റും സപ്ലിമെന്ററി കരാറും കിഫ്ബിക്ക് നൽകുന്നതിനും നിർദ്ദേശിച്ചു. അതു പ്രകാരം 04.11.2022-ൽ പുതുക്കിയ എസ്റ്റിമേറ്റിന് സപ്ലിമെന്ററി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. |
| (ഇ) | പുതുക്കിയ എസ്റ്റിമേറ്റിന് അനുമതി ലഭിക്കുകയുണ്ടായോ; എങ്കിൽ എന്നാണ് അനുമതി ലഭിച്ചതെന്നും പ്രവൃത്തി ഏത് ഘട്ടത്തിലാണെന്നതും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (ഇ) | പൊതുമരാമത്ത് റോഡ്സ്, കോഴിക്കോട് വിഭാഗമാണ് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയത്. സൂപ്രണ്ടിങ് എഞ്ചിനീയർ, റോഡ്സ് നോർത്ത് സർക്കിൾ, കോഴിക്കോട് സമർപ്പിച്ച പുതുക്കിയ എസ്റ്റിമേറ്റ് 25.09.2021 നാണ് പ്രൊജക്റ്റ് ഡയറക്ടർ, പ്രൊജകറ്റ് മാനേജ്മെന്റ് യൂണിറ്റ് കേരള റോഡ് ഫണ്ട് ബോർഡിന് ലഭിച്ചത്. ടി എസ്റ്റിമേറ്റിൽ ഹാൻഡ് |

| | | | |
|---|---|---|---|
| | | | റെയിൽ സ്ഥാപിക്കുന്ന പ്രവൃത്തിയും ഇന്റർലോക്ക് നിരത്തുന്ന പ്രവൃത്തിയും ഉൾപ്പെട്ടിരുന്നു. 03.12.2021-ൽ നടന്ന 92-ാം ടെക്നിക്കൽ കമ്മിറ്റി, 11.02.2022-ലെ 96-ാം ടെക്നിക്കൽ കമ്മിറ്റി എന്നിവയുടെ നിർദ്ദേശങ്ങൾ അനുസരിച്ച് ഫീൽഡ് ഉദ്യോഗസ്ഥർ നൽകിയ റിപ്പോർട്ട് പ്രകാരം 04.04.2022-ലെ 99-ാം ടെക്നിക്കൽ കമ്മിറ്റിയിൽ എസ്റ്റിമേറ്റ് വെക്കുകയും കരാർ തുകയേക്കാൾ 4.23% കൂടുതൽ തുകയുള്ള പുതുക്കിയ എസ്റ്റിമേറ്റ് കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിക്കുകയുമുണ്ടായി. 16.06.2022-ൽ കിഫ്ബി എസ്റ്റിമേറ്റിന് തത്വത്തിൽ അംഗീകാരം നൽകുകയും ചെയ്തു. പുതുക്കിയ എസ്റ്റിമേറ്റിന് കരാർ ഉറപ്പിക്കുന്ന വേളയിൽ കരാറുകാരൻ 03.08.2022-ലെ കത്ത് പ്രകാരം നിലവിലെ മാർക്കറ്റ് നിരക്ക് കണക്കിലെടുക്കുമ്പോൾ ഇന്റർലോക്ക് ടൈലുകളുടെ അധിക ഇനം വലിയ നഷ്ടമുണ്ടാക്കുന്നുവെന്നും പുതുക്കിയ എസ്റ്റിമേറ്റിൽ നിന്ന് പ്രസ്തുത ഇനം ഒഴിവാക്കുന്നതിനും അഭ്യർത്ഥിച്ചു. തുടർന്ന് 22.10.2022-ൽ നടന്ന 114-ാമത് ടെക്നിക്കൽ കമ്മിറ്റി കരാറുകാരന്റെ അഭ്യർത്ഥന മാനിച്ചും ഇന്റർലോക്ക് ടൈൽ വർക്ക് യഥാർത്ഥ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താതിരുന്നതിനാലും 2016-ലെ DSoR പ്രകാരം കരാറിൽ ഏർപ്പെട്ടിരുന്നതിനാലും DSoR 2018 നിരക്കുകൾ പരിഗണിക്കാൻ ആവില്ല എന്നത് കൊണ്ടും ഇന്റർലോക്ക് ടൈൽ ഇനം ഒഴിവാക്കിയതിന് ശേഷം പുതുക്കിയ എസ്റ്റിമേറ്റും സപ്ലിമെന്ററി കരാറും കിഫ്ബിക്ക് നൽകുന്നതിനും നിർദ്ദേശിച്ചു. അതു പ്രകാരം 04.11.2022-ൽ പുതുക്കിയ എസ്റ്റിമേറ്റിന് സപ്ലിമെന്ററി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. |
| (എഫ്) | പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കുന്നതിന് ആവശ്യമായ ഫണ്ട് ലഭ്യമല്ലാത്തതിനാൽ പ്രവൃത്തി പൂർണ്ണമായും നടപ്പാക്കാൻ കഴിയില്ലെന്ന് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സർവീസ് സൊസൈറ്റി അറിയിക്കുകയുണ്ടായോ; എങ്കിൽ ഇത് സംബന്ധിച്ച് എന്ത് തീരുമാനമാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് അറിയിക്കുമോ; | (എഫ്) | പൊതുമരാമത്ത് റോഡ്സ്, കോഴിക്കോട് വിഭാഗമാണ് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയത്. സൂപ്രണ്ടിങ് എഞ്ചിനീയർ, റോഡ്സ് നോർത്ത് സർക്കിൾ, കോഴിക്കോട് സമർപ്പിച്ച പുതുക്കിയ എസ്റ്റിമേറ്റ് 25.09.2021 നാണ് പ്രൊജക്റ്റ് ഡയറക്ടർ, പ്രൊജകറ്റ് മാനേജ്മെന്റ് യൂണിറ്റ് കേരള റോഡ് ഫണ്ട് ബോർഡിന് ലഭിച്ചത്. ടി എസ്റ്റിമേറ്റിൽ ഹാൻഡ് റെയിൽ സ്ഥാപിക്കുന്ന പ്രവൃത്തിയും ഇന്റർലോക്ക് നിരത്തുന്ന പ്രവൃത്തിയും ഉൾപ്പെട്ടിരുന്നു. 03.12.2021-ൽ നടന്ന 92-ാം ടെക്നിക്കൽ കമ്മിറ്റി, 11.02.2022-ലെ 96-ാം ടെക്നിക്കൽ കമ്മിറ്റി എന്നിവയുടെ നിർദ്ദേശങ്ങൾ അനുസരിച്ച് ഫീൽഡ് ഉദ്യോഗസ്ഥർ നൽകിയ റിപ്പോർട്ട് പ്രകാരം 04.04.2022-ലെ 99-ാം ടെക്നിക്കൽ കമ്മിറ്റിയിൽ |

| | | | |
|---|---|---|---|
| | | | എസ്റ്റിമേറ്റ് വെക്കുകയും കരാർ തുകയേക്കാൾ 4.23% കൂടുതൽ തുകയുള്ള പുതുക്കിയ എസ്റ്റിമേറ്റ് കിഫ്‌ബിയുടെ അംഗീകാരത്തിന് സമർപ്പിക്കുകയുമുണ്ടായി. 16.06.2022-ൽ കിഫ്ബി എസ്റ്റിമേറ്റിന് തത്വത്തിൽ അംഗീകാരം നൽകുകയും ചെയ്തു. പുതുക്കിയ എസ്റ്റിമേറ്റിന് കരാർ ഉറപ്പിക്കുന്ന വേളയിൽ കരാറുകാരൻ 03.08.2022-ലെ കത്ത് പ്രകാരം നിലവിലെ മാർക്കറ്റ് നിരക്ക് കണക്കിലെടുക്കുമ്പോൾ ഇന്റർലോക്ക് ടൈലുകളുടെ അധിക ഇനം വലിയ നഷ്ടമുണ്ടാക്കുന്നുവെന്നും പുതുക്കിയ എസ്റ്റിമേറ്റിൽ നിന്ന് പ്രസ്തുത ഇനം ഒഴിവാക്കുന്നതിനും അഭ്യർത്ഥിച്ചു. തുടർന്ന് 22.10.2022-ൽ നടന്ന 114-ാമത് ടെക്നിക്കൽ കമ്മിറ്റി കരാറുകാരന്റെ അഭ്യർത്ഥന മാനിച്ചും ഇന്റർലോക്ക് ടൈൽ വർക്ക് യഥാർത്ഥ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താതിരുന്നതിനാലും 2016-ലെ DSoR പ്രകാരം കരാറിൽ ഏർപ്പെട്ടിരുന്നതിനാലും DSoR 2018 നിരക്കുകൾ പരിഗണിക്കാൻ ആവില്ല എന്നത് കൊണ്ടും ഇന്റർലോക്ക് ടൈൽ ഇനം ഒഴിവാക്കിയതിന് ശേഷം പുതുക്കിയ എസ്റ്റിമേറ്റും സപ്ലിമെന്ററി കരാറും കിഫ്ബിക്ക് നൽകുന്നതിനും നിർദ്ദേശിച്ചു. അതു പ്രകാരം 04.11.2022-ൽ പുതുക്കിയ എസ്റ്റിമേറ്റിന് സപ്ലിമെന്ററി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. |
| (ജി) | പദ്ധതിയിൽ ഹാൻഡ് റെയിൽ സ്ഥാപിക്കുന്ന പ്രവൃത്തിയും ഇന്റർലോക്ക് നിരത്തുന്ന പ്രവൃത്തിയും ഉൾപ്പെടുത്തി പദ്ധതി അടിയന്തരമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ജി) | പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം വച്ച കരാറിൽ ഇന്റർലോക്ക് സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി ഉൾപ്പെട്ടിട്ടില്ല. എന്നാൽ ഹാൻഡ്‌റെയിൽ സ്ഥാപിക്കുന്ന പ്രവൃത്തി ഉൾപ്പെട്ടിട്ടുണ്ട്. പുതുക്കിയ കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ